# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാളികാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം

**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.6/1858/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/10/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/1858/2025 തീയ്യതി: 16/10/2025

# മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-09-2024 മുതൽ 08-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2025 | 23-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2025 | 23-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ. അബ്ദുൽ ഗഫൂർ സി., ഓഡിറ്റ് ഓഫീസർ
2.ശ്രീ. അമീൻ ഫൈസൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
3.ശ്രീമതി. ശംസിയ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി. ഷീബ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷിജിമോൾ പി. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ശിവാനന്ദൻ സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 30-04-2024 |
| | | 20-08-2024 | 09-09-2024 |
| ശ്രീ. ബിനു. കെ.സി. | സെക്രട്ടറി | 01-05-2024 | 19-08-2024 |
| | | 07-10-2024 | 31-03-2025 |
| ശ്രീ. മഹേഷ് കുമാർ എസ്.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-09-2024 | 06-10-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലനീഷ എം. | കൃഷി ഓഫീസർ | 01-04-2024 | 17-12-2024 |
| ശ്രീ. സമീർ വി. എം. | കൃഷി ഓഫീസർ | 18-12-2024 | 31-03-2025 |
| ശ്രീമതി. ലീന കേശവൻ നായർ. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. കാസിം. യു.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. മിനു മംഗളാനന്ദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. മുഹമ്മദ് നജീബ് പി.യു. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2024 | 30-07-2024 |

| | | | |
|---|---|---|---|
| ഡോ. റിയാസ്. കെ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 31-07-2024 | 31-03-2025 |
| ശ്രീമതി. മൈമൂന കെ.ടി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 11-08-2024 |
| ശ്രീമതി. ഫാത്തിമ ഷംന കെ.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| ശ്രീ. ബാബു ഫ്രാൻസിസ് | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ. നൗഫൽ. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. ഷബീബ്. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഗ്രീഷ്മ. ജി. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. നസീമ. കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 14-07-2024 |
| ശ്രീമതി. ദിവ്യ ജി. എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-07-2024 | 31-03-2025 |
| ശ്രീ. അബ്ദുൽ കാസിം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. ശിവാനന്ദൻ സി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 09-09-2024 |
| ശ്രീ. മഹേഷ് കുമാർ എസ്.എൽ. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 10-09-2024 | 17-10-2024 |
| ശ്രീ. ഷറഫുദ്ദീൻ സി.കെ. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 18-10-2024 | 31-10-2024 |

| | | | |
|---|---|---|---|
| ശ്രീമതി. സിന്ധു ടി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-4 |
| 6 | Directly Debited By Bank ഇനത്തിൽ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം. | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 17 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-12 |
| 18 | ടർഫുകൾക്ക് മ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല | 1-13 |

| | | |
|---|---|---|
| 19 | നികുതി-നികുതിയേതരയിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നു. | 1-14 |
| 20 | ഹോമിയോ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നു. | 1-15 |
| 21 | സ്മാർട്ട് അങ്കണവാടി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ-രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 23 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-അപാകതകൾ | 1-18 |
| 24 | നൈപുണ്യവികസന പരിശീലനം തയ്യൽ പരിശീലനം നവജ ഗ്രാമം വാർഡ്-12-രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-19 |
| 25 | GIS മാപ്പിംഗ് സോഷ്യോ എക്ണോമിക് സർവ്വേ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 26 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 27 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ. | 1-22 |
| 28 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-23 |
| 29 | SSK വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 30 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-25 |
| 31 | മരാമത്ത് പ്രവൃത്തികൾ അക്രഡ്ഡക്റ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നത്-പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാവുന്നു. | 1-26 |
| 32 | പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചില്ല- ഭരണ സമിതി തീരുമാനം മൂലം 78.96 ലക്ഷം രൂപയുടെ ഫണ്ട് ലാപ്സായി. | 1-27 |
| 33 | 1.64 കോടി രൂപയുടെ മെയ്റ്റനൻസ് ഗ്രാന്റ് ലാപ്സായി. | 1-28 |
| 34 | ഇ ടെണ്ടർ ഫീ- തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. | 1-29 |

| | | |
|---|---|---|
| 35 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തി- അധികം തുക നൽകി. | 1-30 |
| 36 | ആനവാരി-ചാഴിയോട് ഈശ്വരൻപടി റോഡ് വീതി കൂട്ടൽ -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി. | 1-31 |
| 37 | സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകത- 30419/- രൂപയുടെ അധിക ചെലവ് | 1-32 |
| 38 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തൈകൾ വാങ്ങി. | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകത- 30419/- രൂപയുടെ അധിക ചെലവ് | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് (MEDISEP) - പ്രീമിയം ഒടുക്ക് വിശദാംശങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |

| | | |
|---|---|---|
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാളികാവ് ഗ്രാമ പഞ്ചായത്തിന്‍റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്‍റ് സ്റ്റേറ്റ്മെന്‍റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്‍റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.5.2025 തീയതിയിലെ നം.3 തീരുമാനം പ്രകാരം അംഗീകരിച്ച് 03.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്‍റിന്‍റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്‍റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്‍റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്‍റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന്

ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 16/10/2025

## 1-1-1 ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62 (2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17/18.7.2025) കുറിപ്പുകൾ, അനുപാതങ്ങൾ, മുൻവർഷ താരതമ്യ തുകകൾ എന്നിവ രേഖപ്പെടുത്തേണ്ട പ്രൊഫോർമ ലഭ്യമാവുന്ന മുറയ്ക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ മൂല്യം ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ (B-11 Schedule) ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (7853357/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും (-8015626/-) തമ്മിലുള്ള വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17/18.7.2025) I.K.M അപാകത പരിഹരിച്ച് തരുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി നടത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ വർഷത്തിൽ രണ്ട് പ്രാവശ്യം മാത്രമാണ് [Example_ Property Tax (Residential)_ Jv No 42400015/01.04.2024 &42401451] ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17/18.7.2025) ഇനി മുതൽ എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-5 Directly Debited By Bank ഇനത്തിൽ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം സബ് ട്രഷറി കരുവാരക്കുണ്ട് (അക്കൗണ്ട് നമ്പർ -799013000000715) Directly Debited By Bank ഇനത്തിൽ 2022ലെ 201 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17/18.7.2025) ആയത് ക്രമീക്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 1(1)/09.02.2024 | 2(1)/27.02.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 66868659 |
| വരവ് | 76542763 |
| ആകെ | 143411422 |
| ചെലവ് | 84558389 |
| നീക്കിയിരിപ്പ് | 5885303 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21776174 | 21776174 | 21776174 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6493500 | 6493500 | 6471966 | 21534 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 127185 | 127185 | 127185 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 20092000 | 20092000 | 11390454 | 8701546 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 16801000 | 16801000 | 9047952 | 7753048 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 13263646 | 13263646 | 6082151 | 7181495 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 5118682 | 5118682 | 6536731 | -1418049 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| 413 | 213368766 | 326 | 126719173 | 87 | 78.93 |

കുറിപ്പ്-സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1925209 | 1925209 | 1925209 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41650791 | 41650791 | 41650791 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2260800 | 135 |
| വിധവാപെൻഷൻ | 23553900 | 1541 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 35119500 | 2396 |
| വികലാംഗപെൻഷൻ | 8430200 | 535 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1093000 | 74 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2025ന് 10.50 ന് മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 804/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.
1. ആസ്തി രജിസ്റ്ററുകൾ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.
2 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന ധർമ്മം നിർവ്വഹിക്കപ്പെടുന്നില്ല.
3 മെഡിക്കൽ ഓഫീസർ സി എച്ച്സി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4 മെഡിക്കൽ ഓഫീസർ (സിഎച്ച്സി) കാഷ്ബുക്കിൽ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തി വിശദാംശങ്ങൾ രേഖപ്പെടുത്തി പൂർത്തിയാക്കേണ്ടതാണ്.

5. ഐസിഡിഎസ് സൂപ്പർവൈസർ ഫയലുകൾ ക്രമീകരിച്ച് ആവശ്യമായ എല്ലാ രേഖകളും സഹിതം സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6.ഐസിഡിഎസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.
7. സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 01.10.2022 മുതൽ 31.10.2022 വരെ | വിവരം ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.2012 | 2007-08 മുതൽ 20011-12 വരെ | 17.12.2012 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി കാളികാവ് ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 3/10.07.25 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | 0 | 416615 | 243824 | 660461 |
| 2022-23 | 0 | 1103000 | 451000 | 1554000 |
| 2023-24 | 0 | 461000 | 71800 | 1179000 |
| 2024-25 | 0 | 0 | 0 | 0 |
| ആകെ | 0 | 1980615 | 766624 | 3393461 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 416615 | 243824 | 660439 |
| 2022-23 | 0 | 1103000 | 451000 | 1554000 |
| 2023-24 | 0 | 0 | 0 | 0 |
| 2024-25 | 0 | 0 | 0 | 0 |
| ആകെ | 0 | 1519615 | 694824 | 2214439 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| | ബാലൻസ് | പലിശ | B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| സ്കീം 1 | 0 | 0 | 0 |
| സ്കീം 3 | 461000 | 13285.9 | 474286 |
| സ്കീം 4 | 718000 | 3129 | 721129 |
| ആകെ | 1179000 | 16414.9 | 1195415 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | കാളികാവ് സി.എച്ച്.സിയിലേക്ക് ലാബ് റി ഏജന്റ് എക്സറേ ഫിലിം എന്നിവ വാങ്ങൽ(331/23) | 243824 |
| 2022-23 | കാളികാവ് ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് ലാബ് റി ഏജന്റ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ (332/23) | 416615 |
| 2023-24 | കാളികാവ് സി.എച്ച്.സിയിലേക്ക് ലാബ് റി ഏജന്റ് എക്സറേ ഫിലിം എന്നിവ വാങ്ങൽ(428/24) | 620669 |
| 2023-24 | കാളികാവ് ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് ലാബ് റി ഏജന്റ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ (429/24) | 334704 |
| 2024-25 | കാളികാവ് സി.എച്ച്.സിയിലേക്ക് ലാബ് റി ഏജന്റ് എക്സറേ ഫിലിം എന്നിവ വാങ്ങൽ(480/25) | 482331 |
| 2024-25 | കാളികാവ് ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് ലാബ് റി ഏജന്റ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ (479/24) | 116296 |

സ്കീം 1 ഇനത്തിൽ നാളിതു വരെ ഗ്രാമ പഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

**2024** വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് **50** ശതമാനം കേന്ദ്ര വിഹിതവും **50** ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ **15%** പഞ്ചായത്തും **10%** ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല

വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് വേളയിൽ ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നടത്തിപ്പ് പരിശോധനാ വിധേയമാക്കി. ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതാറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**1)** കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായ **15%** വാട്ടർ അതോറിറ്റിക്ക് കൈമാറിയ വിവരം.

| വർഷം | വകയിരുത്തിയ തുക | കൈമാറിയ തുക | ബിൽ/ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 2021-22 | ഇല്ല | ഇല്ല | ഇല്ല |
| 2022-23 | ഇല്ല | ഇല്ല | ഇല്ല |
| 2023-24 | ഇല്ല | ഇല്ല | ഇല്ല |
| 2024-25 | ഇല്ല | ഇല്ല | ഇല്ല |

2) പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

| വർഷം | തുക | ബിൽ/ചെക്ക് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഇല്ല | ഇല്ല |
| 2022-23 | ഇല്ല | ഇല്ല |
| 2023-24 | ഇല്ല | ഇല്ല |
| 2024-25 | ഇല്ല | ഇല്ല |

3) ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം.

| വർഷം | തുക |
|---|---|
| 2021-22 | ഇല്ല |
| 2022-23 | ഇല്ല |

| | |
|---|---|
| 2023-24 | ഇല്ല |
| 2024-25 | ഇല്ല |

4) കാളികാവ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 26/05/2025 ലെ തിയതിയിലെ 23/1 നം തീരുമാന പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഫണ്ട് ലഭ്യതക്ക് വിധേയമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

5) തുക വകയിരുത്തിയിട്ടില്ല

6) തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

| പദ്ധതികളുടെ എണ്ണം | പൂർത്തിയായവ | പൂർത്തിയാകാത്തത് | ഭാഗികമായി പൂർത്തിയായത് | റിമാർക്സ് |
|---|---|---|---|---|
| 1 | 1 | 0 | 0 | പ്രൊജക്റ്റ് നം 410/25 പ്രകാരം 1600000 രൂപ തനത് ഫണ്ട് വകയിരുത്തി തുവ്വൂർ വില്ലേജിൽ ബ്ളോക്ക് നം 151 സർവ്വേ നം.225/4-4 ൽ 40 സെന്റ് ഭൂമി സ്ഥലം വാങ്ങിയിട്ടുണ്ട്. |

7) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമായിട്ടില്ല.

8) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തുക ലഭ്യമായിട്ടില്ല.

## <u>1-13 ടർഫുകൾക്ക് മ്പർ നൽകി വസ്തു നികുതി നിശ്ചയിച്ചില്ല</u>

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 25/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഉപയോഗ

ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കാളികാവ് ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായിപുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം ടർഫുകൾക്ക് (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവമുള്ളവ)' എന്ന വിഭാഗത്തിൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് ച.മീറ്ററിന് 25/- രൂപ എന്ന നിരക്കിൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ടർഫുകളുടെ വസ്തുനികുതി വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/17.7.2025) മറുപടിയായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ താഴെ നൽകുന്നു.

| **ക്രമ നം.** | **ടർഫിന്റെ പേര് , ഉടമസ്ഥന്റെ പേര്** | **വാർഡ് നം.** |
|---|---|---|
| 1 | കിക്കോഫ് ഫുട്ബാൾ ടർഫ് , കുഞ്ഞുമുഹമ്മദ്, മൂച്ചിക്കൽ | 2 |
| 2 | ഗ്രാവിറ്റി ടർഫ്, അബ്ദുൽ നാസർ , തണ്ടുപാറക്കൽ | 13 |
| 3 | ജാഷിഫ, W/O ജാബിർ ചോലശ്ശേരി, എടക്കര | 19 |

മേൽപ്പറഞ്ഞ ടർഫുകൾക്കു നമ്പർ നൽകിയിട്ടില്ല എന്നും അവയിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ടർഫുകൾക്കും കെട്ടിട നമ്പർ നൽകി ചട്ട പ്രകാരമുള്ള വസ്തു നികുതി ബാധകമാക്കേണ്ടതാണ്.

## 1-14 നികുതി-നികുതിയേതരയിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2024-25ലെ വാർഷിക കണക്കുകൾ (ഷെഡ്യൂൾ-B-15) പ്രകാരം വിവിധ നികുതി-നികുതിയേതര ഇനങ്ങളിൽ ചുവടെ കാണിച്ച പ്രകാരം തുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്.

| ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| വസ്തുനികുതി | 3,60,598 |
| തൊഴിൽ നികുതി | 1,350 |
| ബസ് സ്റ്റാന്റ് -വരവ് | 84,540 |
| കംഫർട്ട് സ്റ്റേഷൻ വരവ് | 13,116 |
| ആകെ | 4,59,604 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/18.7.2025) വസ്തുനികുതി

അടവാക്കാത്ത കെട്ടിട ഉടമകൾക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയതിന്റെ ഫലമായി 97418 രൂപ ലഭ്യമായിട്ടുണ്ടെന്നും ശേഷിക്കുന്ന കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്ന 1350 രൂപ 2025-26 വർഷം ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കി. ബസ് സ്റ്റാന്റ് വരവ്, കംഫർട്ട് സ്റ്റേഷൻ വരവ് ഇനങ്ങളിൽ 2022-23 , 2023-24 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക വരുത്തിയ ശ്രീ. മുഹമ്മദ് ഇസ്ഹാക്ക്, ശ്രീ. മുഹമ്മദ് ഫെബിൻ എന്നിവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കുടിശ്ശിക ഈടാക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ഹോമിയോ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് തുക അനുവദിച്ചിട്ടുണ്ട്.

1.

| | |
|---|---|
| പ്രൊജക്ട് | 113/25, അടക്കാക്കുണ്ട് ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | നോൺ റോഡ് 500000/- |
| ചെലവ് | Rs. 500000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി/തുക | PF-922/19.12.2024/50000 |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി/തുക | 241513520312011163946/10.1.2025 /50000 |
| ഇൻവോയ്സ് നമ്പർ/ തിയ്യതി/തുക | LF 2810/6.3.2025/ 37210 |

പ്രൊജക്ട് പ്രകാരം 50000 രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 37210 രൂപയുടെ മരുന്നുകളാണ് മേൽ ഇൻവോയ്സ് പ്രകാരം ലഭ്യമായിട്ടുള്ളത്. 12790 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്ട് | 100/25, വെള്ളയൂർ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | നോൺ റോഡ്<br>100000/- |
| ചെലവ് | Rs. 100000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി/തുക | PF-755/2.12.2024/100000 |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി/തുക | 241513520312011163940/10.1.2025 /100000 |

പ്രൊജക്ട് പ്രകാരം 100000 രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നം./ തീയതി | തുക |
|---|---|---|
| 1 | LF-2535/13.2.2025 | 29153 |
| 2 | LF-2950/15.3.2025 | 15478 |
| ആകെ | | 44631 |

ശേഷിക്കുന്ന 55,369 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 19 /19.7.2025 ) ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സ്മാർട്ട് അങ്കണവാടി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ സ്മാർട്ട് അങ്കണവാടി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
1)

| | |
|---|---|
| പ്രൊജക്റ്റ് | സ്മാർട്ട് അങ്കണവാടി |

| | |
|---|---|
| | (306/25) |
| അടങ്കൽ/ഫണ്ട് | 398721/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 398720/- |
| ബിൽ റഫറൻസ് നമ്പർ/ തീയതി / തുക | 24151352031000419409/17.07.2024/ 398720 |
| ഇൻവോയ്സ് നം. / തീയതി | 1. MPM56/31.7.2023/154214<br>2.MPM53/31.07.2023/ 151893<br>3. MPM 333/12.2.2024 / 92613<br>ആകെ- 398720/- |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികളുടെ ചുമരുകളിൽ തീം അടിസ്ഥാനമാക്കിയുള്ള പെയിന്റിംഗ് പ്രവൃത്തികളും ഫർണിച്ചർ വിതരണവും നടപ്പാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികളില്ലാതെ ARTCO മുഖേനയാണ് പ്രൊജക്ട് നടപ്പാക്കിയത്. ആയതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.**

സർക്കാർ ഉത്തരവ് പ്രകാരം (GO(P) 77/2019/Fin Dt 04.07.2019 ) ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്ടോ .

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 27.04.2021 അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ ഡിസൈൻ, പ്ലാൻ , ഡിറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്.

വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും, പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഫയൽ പരിശോധിച്ചതിൽനടപ്പാക്കിയ പ്രവൃത്തിയിൽ മേൽ നിർദ്ദേശങ്ങളൊന്നുംതന്നെ പാലിച്ചതായി കാണുന്നില്ല. പെയിന്റിംഗ് പ്രവൃത്തികൾക്ക് ആർട്ടോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കപ്പെട്ടിട്ടില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(RT) 20/2023/SPD Dt. 24.02.2023).

മേൽ ഉത്തരവിൽ പരാമർശിച്ച സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങാൻ പാടുള്ളൂ. ഇതിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കണമെന്നും ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ARTCO വിതരണം ചെയ്ത താഴെപ്പറയുന്ന വിവിധ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ അനുമതിയില്ലാത്തവയാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | റേറ്റ് | GST ഉൾപ്പെടെയുള്ള ആകെ തുക | ഇൻവോയ്സ് നം. / തീയതി/ തുക |
|---|---|---|---|---|---|
| 1 | Teacher’s Table With 1 Drawer And A Cup Board | 1 | 6490 | 7658.2 | MPM56/31.7.2023/154214 |
| 2 | Steel Chair With Cushion Seat And Back | 1 | 3350 | 3953 | |
| 3 | Black Board | 1 | 2400 | 2832 | |
| 4 | Toy Basket | 1 | 890 | 996.8 | |
| 5 | Baby Chair | 15 | 799 | 14142.3 | |
| 6 | Front Round Table Without Chair | 2 | 6990 | 16496.4 | |
| 7 | EVE Mat 2ft X 2ft X 12mm | 18 | 1290 | 27399.6 | |

| | | | | | |
|---|---|---|---|---|---|
| 8 | Teacher's Table With 1 Drawer And A Cup Board | 1 | 6490 | 7658 | MPM53/31.07.2023/ 151893 |
| 9 | Steel Chair With Cushion Seat And Back | 1 | 3350 | 3953 | |
| 10 | Black Board | 1 | 2400 | 2832 | |
| 11 | Toy Basket | 1 | 890 | 996.8 | |
| 12 | Baby Chair | 12 | 799 | 11313.84 | |
| 13 | Front Round Table Without Chair | 2 | 6990 | 16496.4 | |
| 14 | EVE Mat 12mm 2ft X 2ft | 18 | 1290 | 27399.6 | |
| 15 | Steel Chair With Cushion Seat And Back | 2 | 3350 | 7906 | MPM 333/12.2.2024 / 92613 |
| 16 | Pre Laminated Board Table 36X24X30 | 2 | 5950 | 14042 | |
| ആകെ | | | | 166075.94 | |

3). ഏതെല്ലാം അങ്കണവാടികളിൽ , ഏതെല്ലാം പ്രവൃത്തികൾ നടത്താനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുന്ന സപ്ലൈ ഓർഡർ/റികയർമെൻ്റ് ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

4). ക്രമ നമ്പർ 3 ഇൻവോയ്സ് പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ ഏതെല്ലാം അങ്കണവാടികളിലേക്കാണ് വിതരണം ചെയ്തതെന്ന് കാണിക്കുന്ന രേഖകൾ/കൈപ്പറ്റ് രസീതി സൂക്ഷിച്ചിട്ടില്ല.

5). പരിശോധനയ്ക്ക് ഹാജരാക്കിയ 3 ഇൻവോയ്സുകളും 2023-24 സാമ്പത്തിക വർഷത്തിലേതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ മേൽ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുണ്ടോ ഇല്ലയോയെന്ന് വ്യകതമല്ല. (2023-24 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് അങ്കണവാടി എന്ന പ്രൊജക്റ്റ് പ്രകാരം 600000 രൂപ ചെലവുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ 2023-24 ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിട്ടില്ല). ആയതിനാൽ മറ്റേതെങ്കിലും ബില്ല് പ്രകാരം മേൽ ഇൻവോയ്സുകൾ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ടോയന്ന് ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

6). പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ / ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും സാധനങ്ങൾ വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) ഹാജരാക്കിയ ഇൻവോയ്സുകളിൽ ആർട്ട്കോയുടെ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുള്ളത് 4098681168 , IFSC- SBIN0070507 ആണ്. എന്നാൽ 3,98,720 രൂപയുടെ ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ട് നമ്പർ 67384118780 IFSC- SBIN0020782 ആണ്. വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

8). പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

9) സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല

10) വർക്ക് ബിൽ തയ്യാറാക്കിയിട്ടില്ല.

11)പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവുപുസ്തകം ഫയലിൽ ലഭ്യമല്ല.

12)പ്രവൃത്തി പൂർത്തീകരിച്ച് Measurement / Check Measurement നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

13)സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 1% വെൽഫയർ ഫണ്ട് വിഹിതം 2% ഐടി എന്നിവ ഈടാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/16.7.2025) മറുപടി ലഭ്യമാക്കിയെങ്കിലും ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയതിൽ ഏതെല്ലാം ഇൻവോയ്സുകൾ പ്രകാരം ഏതെല്ലാം ഇനങ്ങളാണ് ലഭ്യമായതെന്ന വിവരം ചേർത്തിട്ടില്ല. മറുപടിയിൽ അങ്കണവാടി നം. 94, 97, 83, 106,90 എന്നിവയിലാണ് പ്രവൃത്തി നടത്തിയതെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ഫയലിൽ ഹാജരാക്കിയ

ഇൻവോയ്സുകളിൽ സെന്റർ നം. 109 ,84, കാളികാവ് ഗ്രാമപഞ്ചായത്ത് എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും സമാന അപാകതകൾ പരാമർശിച്ചിട്ടും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ അറിവില്ലായ്മ മൂലമാണ് അപാകതകൾ സംഭവിച്ചതെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതിയുടെ മുഴുവൻ ചെലവ് രേഖകളും പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 398720 രൂപ തടസ്സം ചെയ്യുന്നു.

2).

| | |
|---|---|
| പ്രൊജക്റ്റ് | സ്മാർട്ട് അങ്കണവാടി<br>(215/25) |
| അടങ്കൽ/ഫണ്ട് | 750000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 600000/- |
| ബിൽ റഫറൻസ് നമ്പർ/ തീയതി / തുക | 1. 241513520310004214 64/18.07.2024/ 1,50,000<br>2. 241513520310004214 69/18.07.2024/ 4,50,000 |
| ഇൻവോയ്സ് നം. / തീയതി | 1. ALP 721/16.3.2023/450000<br>2. 2024-25/KKD40 / 10.7.2024 (ആകെ തുക രേഖപ്പെടുത്തിയിട്ടില്ല) |

മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.**

സർക്കാർ ഉത്തരവ് പ്രകാരം (GO(P) 77/2019/Fin Dt 04.07.2019 ) ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർക്കോ .

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 27.04.2021 അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ ഡിസൈൻ, പ്ലാൻ , ഡിറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്.

വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും, പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഫയൽ പരിശോധിച്ചതിൽനടപ്പാക്കിയ പ്രവൃത്തിയിൽ മേൽ നിർദ്ദേശങ്ങളൊന്നുംതന്നെ പാലിച്ചതായി കാണുന്നില്ല. പെയിന്റിംഗ് പ്രവൃത്തികൾക്ക് ആർട്ട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(RT) 20/2023/SPD Dt. 24.02.2023).

മേൽ ഉത്തരവിൽ പരാമർശിച്ച സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കണമെന്നും ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ARTCO വിതരണം ചെയ്ത താഴെപ്പറയുന്ന വിവിധ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ അനുമതിയില്ലാത്തവയാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | GST ഉൾപ്പെടെ ആകെ തുക | ഇൻവോയ്സ് നം. |
|---|---|---|---|---|---|
| 1 | Baby Chair | 60 | 460 | 32568 | ALP 721/16.3.2023/450000 |
| 2 | Kidney Table | 12 | 4000 | 56640 | |
| 3 | Multi Color Slide | 4 | 4490 | 20115.2 | |
| 4 | Jumbo Blocks Play Set | 4 | 1390 | 6227.2 | |
| 5 | EVA Puzzle Play Mat | 4 | 399 | 1787.52 | |

| | | | | |
|---|---|---|---|---|
| 6 | EVA Puzzle Play Mat | 8 | 573 | 5134.08 |
| 7 | Colourful Creative Kit | 4 | 1390 | 6227.2 |
| 8 | Indoor Soft Play Rugs | 307 | 295 | 106866.7 |
| 9 | Storage Stand | 4 | 5800 | 27376 |
| 10 | Rocker | 4 | 2000 | 8960 |
| 11 | Teaching & Art Board | 4 | 2990 | 13395 |
| 12 | Basket Ball Set | 4 | 1400 | 6272 |
| 13 | Toy Bin | 4 | 1800 | 8496 |
| 14 | Ring Game Elephant | 4 | 990 | 4435.2 |
| ആകെ | | | | 3044500.1 |

3). ഏതെല്ലാം അങ്കണവാടികളിൽ , ഏതെല്ലാം പ്രവൃത്തികൾ നടത്താനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുന്ന സപ്ലൈ ഓർഡർ/ആവശ്യകത നിർണ്ണയ രേഖകള് ഫയലിൽ ലഭ്യമല്ല.

4). ക്രമ നമ്പർ 3 ഇൻവോയ്സ് പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ ഏതെല്ലാം അങ്കണവാടികളിലേക്കാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല.

5). പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ / ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. General Stock Register എന്ന രജിസ്റ്ററിൽ പേജ് നം. 87ൽ സ്മാർട്ട് അങ്കണവാടി പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ എന്ന തലക്കെട്ടിൽ ചേർത്ത വിവരങ്ങൾ ഹാജരാക്കിയെങ്കിലും ആയത് ഏത് ഇൻവോയ്സ് പ്രകാരം വാങ്ങിയതാണെന്നോ ഏത് സാമ്പത്തിക വർഷം, ഏത് പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയതാണെന്നോ വ്യക്തമല്ല. ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി യഥാവിധി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

6) ഫയലിൽ ഹാജരാക്കിയ ഇൻവോയ്സുകളിൽ ആർട്ട്കോയുടെ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുള്ളത് അക്കൗണ്ട് നമ്പർ 67384118780 IFSC- SBIN0020782 ആണ്. എന്നാൽ 67099281397 , IFSC- SBIN0070188 നമ്പർ

അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ട്രഷറി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ഏത് അക്കൗണ്ടിലേക്കാണ് അനുവദിച്ചതെന്ന് വ്യക്തമല്ല.

7). പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

8) സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല

9) വർക്ക് ബിൽ തയ്യാറാക്കിയിട്ടില്ല.

10)പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവുപുസ്തകം ഫയലിൽ ലഭ്യമല്ല.

11)പ്രവൃത്തി പൂർത്തീകരിച്ച് Measurement / Check Measurement നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

12)സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 1% വെൽഫയർ ഫണ്ട് വിഹിതം 2% ഐടി എന്നിവ ഈടാക്കിയിട്ടില്ല.

13) മേൽ പട്ടികയിലെ ക്രമനം. 1 ഇൻവോയ്സ് 2022-23 സാമ്പത്തിക വർഷത്തിലേതാണ്. ആയത് പ്രകാരമുള്ള തുക 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. (2023-24 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് അങ്കണവാടി എന്ന പ്രൊജക്ട് പ്രകാരം 600000 രൂപ ചെലവുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ 2023-24 ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിട്ടില്ല). ആയതിനാൽ മറ്റേതെങ്കിലും ബില്ല് പ്രകാരം മേൽ ഇൻവോയ്സുകൾ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ക്രമ നമ്പർ 2 ഇൻവോയ്സിൽ Bill Cancelled And Passed For Rs.1,50,000 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് അപൂർണമാണ്. ഇൻവോയ്സിൽ ആകെ തുക രേഖപ്പെടുത്തിയിട്ടില്ല. ഇൻവോയ്സിലെ തുക 1,50,000 രൂപയിൽ അധികരിക്കുന്നുണ്ട്. കൂടാതെ ഇൻവോയ്സിൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ചെലവിന്റെ ആധികാരികത ഓഡിറ്റിന് ഉറപ്പ് വരുത്താനായിട്ടില്ല. മാത്രമല്ല ഇൻവോയ്സ് പ്രകാരം ARTCO വിതരണം ചെയ്ത സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ അനുമതിയില്ലാത്തവയുമാണ്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 28/21.7.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 600000 രൂപ തടസ്സം ചെയ്യുന്നു.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ-രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റ് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (309/25) |
| അടങ്കൽ/ഫണ്ട് | 800000/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 487500/- |
| ബിൽ റഫറൻസ് നമ്പർ | 241151352031000421467/18.07.2024 |
| ഇൻവോയ്സ് നം. / തീയതി | NRO/23-24/1244 / 23.3.2024/ 487500 |

മേൽ പദ്ധതി പ്രകാരം KADCO യിൽ നിന്നും മേൽ ഇൻവോയ്സ് പ്രകാരം 125 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പർചേസ് ചെയ്ത സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡറിൽ വിതരണം ചെയ്യേണ്ട കട്ടിലുകളുടെ എണ്ണം 217 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഇൻവോയ്സ് പ്രകാരം 125 കട്ടിലുകളാണ് ലഭ്യമായിട്ടുള്ളത്. ആയത് ആർക്കെല്ലാം വിതരണം ചെയ്തെന്ന് വ്യക്തമല്ല.

2. സ്ഥാപനവുമായി കരാർവെച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

3. കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

4. കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

2)

| | |
|---|---|
| പ്രൊജക്റ്റ് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (305/25) |
| അടങ്കൽ/ഫണ്ട് | 555005/- (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 555000/- |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ/ തീയതി / തുക | 24151352031000419406/17.07.2024 / 555000 |

1. കട്ടിലുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ലഭ്യമായ ക്വട്ടേഷനുകളുടെ വിവരങ്ങൾ, ടാബുലേഷൻ/കമ്പരാറ്റീവ് സ്റ്റേറ്റ്മെന്റുകൾ, ക്വട്ടേഷൻ അംഗീകരിച്ചതിന്റെയും ഭരണസമിതി തീരുമാനമെടുത്തതിന്റെയും രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷനാണോ സ്വീകരിച്ചത് എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

2. സുലേഖ ചെലവ് പത്രിക പ്രകാരം 5,55,000 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകക്കുള്ള ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല.

(MPM 321/16.03.2023/436795/- രൂപയുടെ ആർട്ടകോയിൽ നിന്നുള്ള ഇൻവോയ്സും MPM 322/16.03.2023/108118/- രൂപയുടെ ഇൻവോയ്സുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ആയതിൽ 436795 രൂപയുടെ ഇൻവോയ്സിൽ 18.3.2023ന് Passed For Rs.436795 എന്നും 108118 രൂപയുടെ ഇൻവോയ്സിൽ Passed For 92262 എന്നുമെഴുതി നിർവ്വഹണഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ) ഏത് സ്ഥാപനത്തിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയതെന്ന് വ്യക്തമല്ല. സ്ഥാപനത്തിന്റെ Cash / Credit Bill ഇല്ലാതെ പണം അനുവദിച്ചത് ക്രമപ്രകാരമല്ല.

3. പർചേസ് ചെയ്ത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. 2023 ജൂൺ മാസത്തിൽ ആർട്ട്കോ എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. എന്നാൽ ആയതിൽ ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട കരാർ ആണെന്നോ വിതരണം ചെയ്യേണ്ട വസ്തുക്കളുടെ വിവരണമോ രേഖപ്പെടുത്തിയിട്ടില്ല.

5. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

6. കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

7. കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ 18.7.2025നകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7 /16.7.2025) മറുപടി ലഭ്യമാക്കിയെങ്കിലും ആയത് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകളാണെന്ന് ബോധ്യപ്പെട്ടിട്ടില്ല. പ്രൊജക്ട് നം. 03/22/23, 229/24 എന്നിവയുടെ ഗുണഭോക്തൃലിസ്റ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയതിൽ ആവശ്യമായ മുഴുവൻ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. 2024 ജൂണിൽ ആർട്ട്കോയുമായി വെച്ച കരാർ ലഭ്യമാക്കിയെങ്കിലും ആയതിൽ പ്രൊജക്ട്

നം, സപ്ലൈ ഓർഡർ നം./ തീയതി, വിതരണം ചെയ്യേണ്ട കട്ടിലുകളുടെ എണ്ണം എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. മേൽ കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1037500 രൂപ തടസ്സം ചെയ്യുന്നു.

## 1-18 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-അപാകതകൾ

പ്രോജക്ട് നമ്പർ: 151/25
അടങ്കൽ: 2303870 (വികസന ഫണ്ട്)
1300000 (തനത് ഫണ്ട്)
810000 (ബ്ലോക്ക് പഞ്ചായത്ത്)
270000 (ജില്ലാ പഞ്ചായത്ത്)
ആകെ : 4683870
ചെലവ്: 4533720

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 (GO(Ms)115/2022/LSGD/28.05.2022) **ൽ** ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ, മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ, ഡേ കെയറുകളിൽ പോകുന്ന മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ, മാനസിക വെല്ലുവിളി നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയറുകളിലോ പോകാത്തവർ മുതലായവർക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പും ബത്തയും സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതിയിയുടെ 13.9.2024ലെ 1(4) നമ്പർ പ്രകാരം ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 147 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ പല ഗുണഭോക്താക്കൾക്കും 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിക്കാവുന്ന പരിധിയിൽ കവിഞ്ഞ് തുക അനുവദിച്ചിട്ടുണ്ട് (ICDS ഓഫീസറുടെ 14.7.2025 ലെ റിപ്പോർട്ട് പ്രകാരമാണ് പട്ടികയിലെ കോളം 4 പ്രകാരമുള്ള അനുവദിക്കാവുന്ന തുക കണക്കാക്കിയിട്ടുള്ളത്.). ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | കുട്ടിയുടെ പേര് (2) | അക്കൗണ്ട് നമ്പർ (3) | അനുവദിക്കാവുന്ന തുക (4) | അനുവദിച്ച തുക (5) | അധികം നൽകിയ തുക (6) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Abdulla Unais CK | 38658896392 | 12000 | 16800 | 4800 |
| 2 | Muhammed Bareel | 39644195385 | 28500 | 38500 | 10000 |
| 3 | Hashif | 67172458819 | 24000 | 28500 | 4500 |
| 4 | Harshad | 67173282637 | 28500 | 52500 | 24000 |
| 5 | Muhammed Labeeb | 67196838950 | 28500 | 57000 | 28500 |
| 6 | Sinisha | 67222677063 | 24000 | 28000 | 4000 |
| 7 | Amla Lulu | 67357331019 | 28500 | 50500 | 22000 |
| 8 | Muhammed Niyas | 67358186161 | 24000 | 40500 | 16500 |
| 9 | Muhammed Babu | 110033690760 | 28500 | 30000 | 1500 |
| 10 | Noushad V | 110113034720 | 28500 | 31500 | 3000 |
| 11 | Sakkeena | 858101069362 | 28500 | 30000 | 1500 |
| 12 | Misna | 4692101001462 | 28500 | 34500 | 6000 |
| 13 | Mohammed Rishan | 4692101002651 | 28500 | 32500 | 4000 |
| 14 | Poolakkal Prameela | 4692101002997 | 28500 | 34000 | 5500 |
| 15 | Liyana.M | 4692108000331 | 8000 | 34500 | 26500 |
| 16 | Ajnad C M | 4692108000582 | 28500 | 38500 | 10000 |
| 17 | Munavvar KT | 4692108001121 | 28500 | 38000 | 9500 |
| 18 | Salman Faris M N | 4692108001135 | 28500 | 34500 | 6000 |
| 19 | Anumol K | 4692108001698 | 28500 | 31500 | 3000 |
| 20 | Muhammed Jifin P | 4692108001699 | 28500 | 33000 | 4500 |
| 21 | Muhammed Ajmal C T | 4692108001734 | 28500 | 30500 | 2000 |

| | | | | | |
|---|---|---|---|---|---|
| 22 | Anshif P | 4692108001897 | 13000 | 19000 | 6000 |
| 23 | Muhammed Ashmil T K | 4692108001907 | 6600 | 24400 | 17800 |
| 24 | Suhail Haris | 4692108001924 | 24000 | 30000 | 6000 |
| 25 | Muhammed Fadi | 4692108002006 | 28500 | 34500 | 6000 |
| 26 | Abhinav Krishna M K | 4692108002120 | 28500 | 45000 | 16500 |
| 27 | Muhammed Ameen M K | 15590100148942 | 6600 | 16600 | 10000 |
| 28 | Najva | 15920100146473 | 28500 | 34500 | 6000 |
| 29 | Aman | 15920100146671 | 28500 | 51000 | 22500 |
| 30 | Akshay M | 15920100160623 | 28500 | 57250 | 28750 |
| 31 | Vipanchika.C | 15920100163643 | 6600 | 16600 | 10000 |
| 32 | Noorudheen P | 15920100180274 | 28500 | 38500 | 10000 |
| 33 | Fathima Nourin | 15920100183948 | 28500 | 34500 | 6000 |
| 34 | Rezin Muhammed K | 15920100190398 | 28500 | 38500 | 10000 |
| 35 | Muhammed Aizin Haami P | 15920100196262 | 28500 | 40500 | 12000 |
| 36 | Anitha | 40168101063556 | 28500 | 38500 | 10000 |

സ്കോളർഷിപ്പ് തുക കൂടുതൽ അനുവദിച്ചത് സംബന്ധിച്ച അന്വേഷണത്തിന് 2023-24 സാമ്പത്തിക വർഷത്തിൽ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ തുക അനുവദിക്കാൻ കഴിയാത്തതിനാൽ 2024-25ലെ പ്രൊജക്ടിലുൾപ്പെടുത്തി പണം അനുവദിച്ചതിനാലാണ് തൻവർഷം അനുവദിക്കാവുന്നതിൽ കവിഞ്ഞ തുക ഗുണഭോക്താക്കൾക്ക് അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വാക്കാൽ അറിയിച്ചു. 26.6.2024ലെ 6 /1 നമ്പർ തീരുമാന പ്രകാരം 2024-25 വർഷത്തെ ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

പദ്ധതിയിൽ നിന്നും 2023-24 വർഷത്തെ സ്കോളർഷിപ്പ് തുക അനുവദിക്കാൻ ബാലൻസുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതെല്ലാം കുട്ടികൾക്ക് എത്ര തുകയാണ് 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ അവശേഷിച്ചിരുന്നതെന്ന വിവരം ഫയലിൽ ലഭ്യമല്ല. കൂടാതെ 2023-24ലും ഗുണഭോക്താക്കൾക്ക് അർഹമായതിൽ കൂടുതൽ തുക അനുവദിച്ചത് സംബന്ധിച്ച് 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുമാണ്. ആയതിന് 2022-23ൽ സാമ്പത്തിക വർഷത്തിൽ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ തുക അനുവദിക്കാൻ കഴിയാത്തതിനാൽ 2023-24ലെ പ്രൊജക്ടിലുൾപ്പെടുത്തി പണം അനുവദിച്ചതിനാലാണ് 2023-24ൽ കൂടുതൽ തുക അനുവദിച്ചതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. തൻവർഷത്തെ അർഹമായ ആനുകൂല്യം നൽകാൻ ഫണ്ട തികയാത്ത പക്ഷം സ്പിൽ ഓവർ ആയാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്നതിനാൽ മേൽ വാദഗതി അംഗീകരിക്കാവുന്നതല്ല.

ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി പഠിക്കുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം അർഹമായ സ്കോളർഷിപ്പ് തുക, അനുവദിച്ച തുക തുടങ്ങിയ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ഗുണഭോക്താക്കൾക്കും അർഹമായ സ്കോളർഷിപ്പ് തുക, 2022-23 ൽ അനുവദിച്ച തുക, 2022-23ൽ കൊടുക്കാൻ അവശേഷിച്ച തുകയിൽ 2023-24ൽ അനുവദിച്ച തുക, 2023-24ൽ അർഹതപ്പെട്ട തുകയിൽ 2023-24 ൽ അനുവദിച്ച തുക, 2023-24ൽ കൊടുക്കാൻ അവശേഷിച്ച തുകയിൽ 2024-25ൽ അനുവദിച്ച തുക, 2024-25 സാമ്പത്തിക വർഷത്തിൽ അർഹതപ്പെട്ട തുകയിൽ 2024-25 ൽ അനുവദിച്ച തുക എന്നതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്താത്തതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ടോയെന്ന് ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.7.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നിർദേശിച്ച രൂപത്തിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് / രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 നൈപുണ്യവികസന പരിശീലനം തയ്യൽ പരിശീലനം നവജ ഗ്രാമം വാർഡ്-12-രേഖകൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് | നൈപുണ്യവികസന പരിശീലനം തയ്യൽ പരിശീലനം നവജ ഗ്രാമം വാർഡ്-12 (397/25) |
| അടങ്കൽ/ഫണ്ട് | 7000/- (CFC ഫണ്ട്) |
| ചെലവ് / വൗച്ചർ നമ്പർ / തീയതി | 7000/-, 22400312-01.08.2024 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6 / 16.7.2025) മറുപടിയായി 7000 രൂപയുടെ ട്രഷറി ബിൽ, കാളികാവ് ചോളാസ് സെന്ററർ ലോഡ്ജിൽ 18.03.2024 ലെ 360 നമ്പർ രസീത് പ്രകാരം റൂം വാടകയിനത്തിലെ 7000 രൂപയുടെ രസീത് എന്നിവയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണ ഫോറം, പദ്ധതിയുടെ ലക്ഷ്യങ്ങൾ, പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മേൽ ചെലവിന്റെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കുന്നത് വരെ ചെലവ് തുക 7000 രൂപ തടസ്സം ചെയ്യുന്നു.

## 1-20 GIS മാപ്പിംഗ് സോഷ്യോ എക്ണോമിക് സർവ്വേ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ GIS മാപ്പിംഗ് സോഷ്യോ എക്ണോമിക് സർവ്വേ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം 496/25) 1000000 രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വാസ ഗൃഹങ്ങൾ,വാണിജ്യ -വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിനിയോഗ ഗണത്തിലുള്ള കെട്ടിടം ജി.പി.എസ് മുഖേന ജി.പി.എസ് മാപ്പിംഗ് നടത്തി കെട്ടിടങ്ങളുടെ വിസ്തീർണ്ണം ഉൾപ്പെടെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി വെബ് ആപ്ളിക്കേഷൻ തയ്യാറാക്കുന്നതിനായുള്ള പദ്ധതിക്ക് ടെണ്ടർമുഖേന Rural Study Centre Karakulam GramaPanchat നെ തെരെഞ്ഞെടുക്കുകയും ആദ്യ ഗഡുവായി 300000 രൂപ(Tax Invoice No. GPK/187/2024-25 Dt.18/03/2025) ന് നൽകുകയും ചെയ്തിട്ടുണ്ട്. (Vr No.22401111/25.3.25 ചെക്ക് നം.472959/25.3.25) സഥാപനവുമായി ചമച്ച കരാർ പ്രകാരം (കരാറിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) പദ്ധതി 4 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും,തുടർ വർഷങ്ങളിൽ ബാക്കി തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 12/2024-25/17.7.2025 നൽകിയതിന് 2025 ജൂലൈ 31 നകം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചത് എന്നും പ്രവത്തിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിൽ കടുവാ ആക്രമണ ഭീഷണി നിലനിൽക്കുന്നതിനാൽ 8,9 വാർഡുകളിൽ സർവ്വെ പൂർത്തീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയത് എന്നും ബാക്കി തുക നൽകിയിട്ടില്ലന്നും പ്രസ്തുത ഡാറ്റ അപ്ലോഡ് ചെയ്യുന്നതിനായി

സഞ്ചയ സോഫ്റ്റ് വെയറിലും കെ സ്മാർട്ടിലും ആവശ്യമായ ക്രമീകരണങ്ങൾ IKMവരുത്തിയിട്ടില്ലാത്തിനാൽ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ വ്യക്ത ഇല്ലെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് തെളിവുകൾ ഹാജരാക്കുന്നത് വരെ ഈ ഇനത്തിൽ നൽകിയ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന നിർമ്മാണത്തിനായി കരാർ വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ആയി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. (നിർവ്വഹണം വി.ഇ.ഒ)

| ക്രമ നമ്പർ | ഗുണഭോക്താവ് | ആദ്യഗഡു കൈപ്പറ്റിയ വർഷം | നാളിതുവരെയായി കൈപ്പറ്റിയ തുക | നിലവിലെ ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|---|---|
| 1 | പാത്തുമ്മ, D/O അലവി,മൂവായിരത്തിൽ ഹൗസ്. | 22-23 | 200000 | 13.07.2023 |
| 2 | സുലൈഖ W/O അബ്ദുൽ മജീദ്, വെട്ടുകല്ലേൽ ഹൗസ് | 22-23 | 300000 | 16.10.2023 |

പട്ടികയിൽ കാണിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 26/ 21.07.25ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ.

1. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ട് പ്രകാരം ക്ഷീര കർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ / പേര് | 59 /25 കറവ പശുക്കൾക്ക് കാലിത്തീറ്റ |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട് ജനറൽ-478740/-<br>മറ്റുള്ളവ- 478740/- |
| ചെലവ് | വികസനഫണ്ട്-ജനറൽ- 477225/- |

തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ / തീയതി | തുക |
|---|---|---|
| 1 | 241513520307010411 63/ 16.12.2024 | 237855 |
| 2 | 24151352030701040249/ 16.12.2024 | 239370 |

ഇൻവോയ്സ് നമ്പർ

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ / തീയതി | തുക |
|---|---|---|
| 1 | KFLPI-24-25-024641/29.10.2024 | 156128 |
| 2 | KFLPI-24-25-027739/23.11.2024 | 158916 |
| 3 | KFLPI-24-25-027741/23.11.2024 | 114308 |
| 4 | KFLPI-24-25-027738/23.11.2024 | 167280 |
| 5 | KFLPI-24-25-024536/29.10.2024 | 167280 |
| 6 | KFLPI-24-25-024642/29.10.2024 | 117096 |
| | ആകെ | 881008 |

അപാകതകൾ.

1. സബ്സിഡി മാർഗ്ഗരേഖ 115/2022/LSGD/28.05.2022-ലെ 6.3.16 പ്രകാരം കറവപശുക്കൾക്കുള്ള കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്. ആയതിനാൽ കാലിത്തീറ്റ നിർവഹണ ഉദ്യോഗസ്ഥനായ വെറ്റനറി സർജൻ കാലിത്തീറ്റ ഉല്പാദക സ്ഥാപനങ്ങളിൽ നിന്നും വാങ്ങി, സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, വിതരണത്തിന് വേണ്ടി ക്ഷീര സഹകരണ സംഘങ്ങളെ ഏൽപ്പിക്കേണ്ടതും വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ, ക്ഷീര സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തു എന്ന രേഖകളുടെ അടിസ്ഥാനത്തിൽ, പദ്ധതിപണം ക്ഷീര സംഘങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.
2. സബ്സിഡി മാർഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് 50% സബ്സിഡി നൽകാവുന്നതാണ്, ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം 881008 രൂപയുടെ കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ വാങ്ങി വിതരണം

ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 440504 രൂപ സബ്സിഡിയായി അനുവദിക്കാവുന്നതാണ്. എന്നാൽ 477225 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 36721 രൂപ അധികമായി അനുവദിച്ചത് ക്രമപ്രകാരമല്ല.

3. ഗുണഭോക്തൃ വിഹിതം ക്ഷീര കർഷക സംഘങ്ങൾ പിരിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പദ്ധതിക്കുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ ക്ഷീര സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയത് ക്രമ പ്രകാരമല്ല. ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, കാലിതീറ്റ വാങ്ങുന്നതിന് ആയതിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 23/19.7.25ന് മറുപടിയായി കേരള ഫീഡ്സ് കാലിത്തീറ്റ ക്ഷീര കർഷക സംഘങ്ങൾക്ക് നൽകുന്നത് മുൻകൂർ പണം അടക്കുമ്പോൾ മാത്രമാണ് എന്നും വെറ്ററിനറി സർജന് ക്രെഡിറ്റ് വ്യവസ്ഥയിലാണ് നൽകുന്നത് എന്നതിനാൽ ഈ രണ്ട് വിതരണ വിലയും തമ്മിൽ അന്തരം അന്തരം ഉണ്ടാവാറുണ്ട് എന്നും ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം സ്വയംവഹിക്കുകയായിരുന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ട് പ്രകാരവും ക്ഷീര കർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ / പേര് | 539 /25 കറവ പശുക്കൾക്ക് കാലിത്തീറ്റ-രണ്ടാം ഘട്ടം |
| അടങ്കൽ | വികസനഫണ്ട് ജനറൽ-722775/-<br>മറ്റുള്ളവ- 722775/- |
| ചെലവ് | വികസനഫണ്ട്-ജനറൽ- 220252/- |

തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ബിൽ റഫറൻസ് നമ്പർ / തീയതി | തുക |
|---|---|
| 24151352032201466080/07.03.2025 | 220252 |

അപാകതകൾ.

1. 1.സബ്സിഡി മാർഗ്ഗരേഖ 115/2022/LSGD/28.05.2022-ലെ 6.3.16 പ്രകാരം കറവപശുക്കൾക്കുള്ള കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്. ആയതിനാൽ കാലിത്തീറ്റ നിർവഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ കാലിത്തീറ്റ ഉല്പാദക സ്ഥാപനങ്ങളിൽ നിന്നും വാങ്ങി,

സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, വിതരണത്തിന് വേണ്ടി ക്ഷീര സഹകരണ സംഘങ്ങളെ ഏൽപ്പിക്കേണ്ടതും വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ, ക്ഷീര സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തു എന്ന രേഖകളുടെ അടിസ്ഥാനത്തിൽ, പദ്ധതിപണം ക്ഷീര സംഘങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2. ഗുണഭോക്തൃ വിഹിതം ക്ഷീര കർഷക സംഘങ്ങൾ പിരിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പദ്ധതിക്കുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ ക്ഷീര സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തിയത് ക്രമ പ്രകാരമല്ല. ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, കാലിതീറ്റ വാങ്ങുന്നതിന് ആയതിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 24/19.07.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-23 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല</u>

<table>
<tr><th>ക്രമ നമ്പർ</th><th>പ്രോജക്ട്</th><th>അടങ്കൽ</th><th>ചെലവ്</th><th>ബിൽ/ വൗച്ചർ നമ്പർ</th><th>പ്രൊഫോർമ ഇൻവോയ്സ് നമ്പർ</th><th colspan="3">മരുന്ന് ലഭ്യമായതിന്റെ വിവരം</th><th>അവശേഷിക്കുന്നതിന്റെ വിവരം</th></tr>
<tr><td rowspan="8">1.</td><td rowspan="8">56/25<br>പരിരക്ഷ പാലിയേറ്റീവ് പ്രോഗ്രാം</td><td rowspan="8">100000<br>(238120-വികസ ഫണ്ട് ജനറൽ, 261880-തനത് ഫണ്ട്, 500000-മെയിന്റനൻസ്</td><td rowspan="8">904887<br>(143120-വികസ ഫണ്ട് ജനറൽ, 261880-തനത് ഫണ്ട്, 499887-മെയിന്റനൻസ് ഫണ്ട് റോഡിതരം)</td><td rowspan="8">2415135203 0800420382<br>Dtd 17.07.24 RS 134187(Part Bill)</td><td rowspan="8">PRF 479 Dtd 03.07.24 RS 100000</td><td>നം</td><td>ഇൻവോയ്സ് നമ്പർ</td><td>തുക</td><td rowspan="8">-</td></tr>
<tr><td>1</td><td>945/1.10.24</td><td>11114</td></tr>
<tr><td>2</td><td>1111/21.11.24</td><td>29523</td></tr>
<tr><td>3</td><td>1331/20.12.24</td><td>31046</td></tr>
<tr><td>4</td><td>1605/18.01.25</td><td>1970</td></tr>
<tr><td>5</td><td>232/24.04.25</td><td>6465</td></tr>
<tr><td>6</td><td>533/19.05.25</td><td>19882</td></tr>
<tr><td></td><td>ആകെ</td><td>100000</td></tr>
</table>

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ഫണ്ട് റോഡി തരം) | | | PRF 497 Dtd 04.07.24 RS 34187 | 1 | 967/ 17.10.24 | 11384 | 2969 |
| | | | | | | 2 | 1024/ 13.11.24 | 9158 | |
| | | | | | | 3 | 1113/ 21.11.24 | 9370 | |
| | | | | | | 4 | 1694/ 28.01.25 | 606 | |
| | | | | | | 5 | 175/ 21.04.2025 | 700 | |
| | | | | | | | ആകെ | 31218 | |
| | | | | 2415135203 0801379450 Dtd 25.02.25 RS 161320(Part Bill) | PRF 3649 Dtd 14.02.25 RS 133200 | | - | - | 133200 |
| 2. | 76/25 വൃക്ക രോഗികൾക്ക് മരുന്ന്, ഡയാലിസിസ് കിറ്റ് എന്നിവ നൽകൽ | 2025000 (25000- സി.എഫ്.സി, 2000000- മെയിന്റനൻസ് ഫണ്ട് റോഡിതരം) | 2024891 (24901- സി. എഫ്.സി, 1999990- മെയിന്റനൻസ് ഫണ്ട് റോഡിതരം) | 2415135203 0800420383 Dtd 17.07.24 RS 1076709(Part Bill) | PRF 270 Dtd 16.06.24 RS 300000 | | മരുന്ന് ലഭ്യമായിട്ടുണ്ട് | | - |
| | | | | | PRF 336 Dtd 18.06.24 RS 411004 | 1 | 3803/ 12.08.24 | 78302 | 150537 |
| | | | | | | 2 | 5472/ 15.10.24 | 82919 | |
| | | | | | | 3 | 6803/ 4.12.24 | 41375 | |
| | | | | | | 4 | 8222/ 30.01.25 | 16388 | |
| | | | | | | 5 | 8612/ 14.02.25 | 17585 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | 6 | 9088/<br>7.03.25 | 5030 | |
| | | | | | | 7 | 9097/<br>7.03.25 | 3011 | |
| | | | | | | 8 | 440/<br>17.04.25 | 15857 | |
| | | | | | | | ആകെ | 260467 | |
| | | | | | | 1 | 3841/<br>13.08.24 | 3515 | |
| | | | | | | 2 | 3807/<br>12.08.24 | 26930 | |
| | | | | | | 3 | 5470/<br>15.10.24 | 21043 | |
| | | | | | | 4 | 5853/<br>30.10.24 | 3830 | |
| | | | | | | 5 | 6791/<br>3.12.24 | 76992 | |
| | | | | | PRF 346 Dtd 21.06.24 RS 365705 | 6 | 8224/<br>30.01.25 | 13897 | 154664 |
| | | | | | | 7 | 8614/<br>14.02.25 | 13920 | |
| | | | | | | 8 | 9084/<br>7.03.25 | 27968 | |
| | | | | | | 9 | 9258/<br>14.03.25 | 2051 | |
| | | | | | | 10 | 441/<br>17.04.25 | 20895 | |
| | | | | | | | ആകെ | 211041 | |
| | | | | | | | ആകെ | | 441370 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടുകൾ പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്രറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് നൽകിയ തുകയിൽ 441370 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടെ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 9/17.07.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 SSK വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം 600000/- രൂപ പഞ്ചായത്ത് വിഹിതമായി എസ്.എസ്.കെ -ക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് | SSA വിഹിതം നൽകൽ ജനറൽ |
| | അടങ്കൽ/ ഫണ്ട് | 200000/ വികസനഫണ്ട് (SC) |
| | ചെലവ്/ ബിൽ നമ്പർ | 1/17.12.2024 |
| 2 | പ്രൊജക്ട് | SSA വിഹിതം നൽകൽ SC |
| | അടങ്കൽ/ ഫണ്ട് | 400000/ വികസനഫണ്ട് (Gen) |
| | ചെലവ്/ ബിൽ നമ്പർ | 3/18.12.2024 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

<u>പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തി.</u>

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

SSK ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ മേൽ വിവരങ്ങൾ വ്യക്തമല്ല. കൂടാതെ സ്ക്കൂളുകൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നത് പ്രായോഗികമല്ലെന്നും SSK നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ തുകയുടെ വിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജറാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [Audit Enquiry No. 27/21.07.2025] ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 ൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടു.

I). <u>പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.</u>

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ഉൾപ്പടെ ആകെ 330 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 128 പ്രൊജക്ടുകളിലായി ആകെ 39091504/- രൂപയാണ് ചെലവഴിച്ചത്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 330 |
| പൂർത്തീകരിച്ച/ ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | 128 |
| ഫണ്ട് ചെലവഴിച്ചത് (രൂപയിൽ) | 39091504 |

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഫണ്ടുകളും ഗ്രാന്റുകളും ലാപ്സാകുന്നുണ്ട്. പ്രൊജക്റ്റുകൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II). <u>ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.</u>

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

III). <u>ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.</u>

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം/ഡിപ്രീസേഷൻ ഉൾപ്പടെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മേൽ വിഷയങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## <u>1-26 മരാമത്ത് പ്രവൃത്തികൾ അക്രഡക്റ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നത്- പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാവുന്നു.</u>

കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ സ്പെൽഓവർ കൂടാതെ 230 മരാമത്ത് പ്രൊജക്റ്റുകളാണ് നിർവ്വഹണം നടത്താനുണ്ടായിരുന്നത്. പ്രസ്തുത പ്രൊജക്റ്റുകളിൽ 42 എണ്ണം അക്രഡക്റ്റഡ് ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എൻജിനീയറിംഗ് വിഭാഗത്തിലെ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തത് മൂലം 2023-24സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നും ആയത് മൂലം പ്രസ്തുത വർഷത്തിൽ വലിയ തോതിൽ ഫണ്ട് ലാപ്സായതും ചൂണ്ടിക്കാണിച്ചാണ് അക്രഡക്റ്റഡ് ഏജൻസി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുള്ളത് (തീരുമാനം നമ്പർ 1/2 തിയ്യതി 30.07.2024).

അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട് എന്നും, കൂടാതെ നിലവിൽ പ്രവർത്തികളുടെ നിർവ്വഹണത്തിനായി LID & EW കീഴിൽ മുഴുവൻ ജീവനക്കാരും ഉള്ളതിനാൽ വാർഷിക പദ്ധതികൾ കാര്യക്ഷമമായി പൂർത്തീകരിക്കാൻ

സാധിക്കുന്നതാണെന്നും കാണിച്ച് അസി. എഞ്ചിനീയർ 29/07/2024 തിയ്യതിയിലെ 48/AE/LID &EW /24-25 GEN നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം നടത്താൻ കഴിയുമെന്ന് കാണിച്ച് അസി.എഞ്ചിനീയർ കത്ത് നൽകിയതിനാലും, LID & EW പഞ്ചായത്ത് എഞ്ചിനിയറിംഗ് വിംഗിൽ അനുവദിക്കപ്പെട്ട എല്ലാ ജീവനക്കാരും ഉള്ളതിനാലും, ഏജൻസിക്ക് സെൻറേജ് ചാർജ്ജിനത്തിൽ തുക നൽകേണ്ടി വരുന്നതും, ടെണ്ടർ ഫോറം ഇനത്തിലുള്ള വരുമാനം ലഭിക്കാത്തതും ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നും ആയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണം പഞ്ചായത്ത് എഞ്ചിനിയറിംഗ് വിംഗ് മുഖേനയാണ് നടപ്പാക്കേണ്ടതാണെന്നും സെക്രട്ടറി ഭരണ സമിതി യോഗത്തെ അറിയിച്ചു. യോഗം സെക്രട്ടറിയുടെ അഭിപ്രായം, അസി.എഞ്ചിനിയറുടെ കത്ത് എന്നിവ നിരാകരിക്കുന്നതിനും 19 അംഗങ്ങളിൽ ഏഴ് അംഗങ്ങളുടെ വിയോജിപ്പോടെ 12 അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനത്തിൽ 46 പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് അക്രെഡിറ്റഡ് ഏജൻസികൾക്കിടയിൽ (PMC) ടെണ്ടർ നടത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനെ നിർവ്വഹണത്തിന് തെരഞ്ഞെടുക്കുകയും ചെയ്തു. അക്രഡക്റ്റഡ് ഏജൻസി മുഖേന നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| അക്രഡക്റ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നതിന് കരാർവെച്ച പ്രൊജക്റ്റുകളുടെ വിവരം | | 2024-25 വർഷത്തിൽ പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ എണ്ണം | | 2024-25 വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയാത്ത പ്രൊജക്റ്റുകളുടെ വിവരം (ലാപ്സായ തുക) | |
|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | അടങ്കൽ | എണ്ണം | അടങ്കൽ |
| 42 | 139 ലക്ഷം | 15 | 43 ലക്ഷം | 25 | 96 ലക്ഷം |

അക്രഡിറ്റഡ് ഏജൻസി മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാവുന്നു.</u>

ഏജൻസി മുഖേന പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തുന്നതിന് ചെലവ് തുകയുടെ 8% വരെ സെൻറേജ് ചാർജ് നൽകേണ്ടതുണ്ട്. കരാർ പ്രകാരം ചെലവ് തുകയുടെ 3.29% -മാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് സെൻറേജ് ചാർജ് ആയി നൽകേണ്ടത്. 139

ലക്ഷം രൂപയുടെ വർക്കുകൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 5.4 ലക്ഷം രൂപയുടെ (18% GST ഉൾപ്പടെ) അധിക ബാധ്യത പഞ്ചായത്തിന് ഉണ്ടാവുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. <u>ടെണ്ടർ ഫീ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായി.</u>

ഏജൻസിക്ക് കൈമാറിയ 42 പ്രവൃത്തികളിൽ ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ അടവാക്കുന്ന ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുകയില്ല. ഓരോ പ്രൊജക്ടിന്റേയും ടെണ്ടറുകളിൽ പങ്കടുത്തേക്കാവുന്ന കരാറുകാരുടെ എണ്ണം മുൻകൂട്ടി പറയാൻ കഴിയത്തതിനാൽ ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിനുണ്ടായിട്ടുള്ള വരുമാന നഷ്ടം കൃത്യമായി കണക്കാക്കുന്നതിന് സാധ്യമല്ല.

3. <u>ഫണ്ട് ലാപ്സാവുന്നത് തടയാൻ കഴിഞ്ഞിട്ടില്ല.</u>

ഏജൻസി മുഖേന നടപ്പിലാക്കേണ്ട 42 പ്രൊജക്ടുകളിൽ 15 പ്രൊജക്ടുകൾ മാത്രമാണ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടോള്ളു. പൂർത്തീകരിക്കാത്ത 25 പ്രൊജക്ടുകളിലായി മൊത്തം 96 ലക്ഷം രൂപയുടെ ഫണ്ട് ലാപ്സായിട്ടുണ്ട്. അധിക ചെലവ് നടത്തി ഏജൻസിയെ ഏൽപ്പിച്ചിട്ടും ഫണ്ട് ലാപ്സാവുന്നത് തടയാൻ കഴിഞ്ഞിട്ടില്ല. ഏകദേശം 5.4 ലക്ഷം രൂപയുടെ അധിക ബാധ്യത പഞ്ചായത്തിന് ഉണ്ടായിട്ടും ഫണ്ട് ലാപ്സാവുന്നത് തടയുക എന്ന ലക്ഷ്യം നേടുന്നതിന് സാധിച്ചിട്ടിലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4. <u>ടെണ്ടറുകളിൽ മത്സര സ്വഭാവം ഉണ്ടായിട്ടില്ല.</u>

പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് നടത്തിയ ടെണ്ടറുകൾക്ക് ഒന്നും മത്സര സ്വഭാവം ഇല്ല. ഒരു വർക്ക് പോലും എസ്റ്റിമേറ്റ് നിരക്കിന് താഴെ ബിഡിംഗ് നടന്നിട്ടില്ല. എന്നാൽ 2024-25 -ൽ അസി. എൻജിനീയർ നിർവ്വഹണം നടത്തിയ പല വർക്കുകളിൽ എസ്റ്റിമേറ്റ് നിരക്കിന് താഴെ ബിഡിംഗ് നടന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ | പ്രൊജക്ട് | ടെണ്ടർ സേവിംഗ് |
|---|---|---|
| 1 | 19-ാം വാർഡിലെ അങ്കണവാടി വണ്ടിപ്പുരക്കുന്ന് റോഡ് കോൺക്രീറ്റ് (429/25) | 12.84% |
| 2 | ശുചി പൂർണ- ടേക്ക് എ ബ്രേക്ക് നിർമ്മാണം (374/25) | 5% |

എജൻസി മുഖേനയുള്ള ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ലാത്തതിനാൽ ടെണ്ടർ സേവിംഗ് ഇനത്തിൽ ലഭിക്കേണ്ട തുക ഇല്ലാതാവുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

5. <u>എൻജിനീയറിംഗ് വിഭാഗത്തിൽ തസ്തികകളിൽ കാര്യമായി ഒഴിവ് ഉണ്ടായിട്ടില്ല.</u>

എൻജിനീയറിംഗ് വിഭാഗത്തിലെ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തത് മൂലം 2023-24വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നു് കാണിച്ചാണ് അക്രഡിറ്റഡ് ഏജൻസി മുഖേന വർക്കുകൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒരു അസി. എൻജിനീയർ, രണ്ട് ഓവർസിയർ, ഒരു ക്ലാർക്ക് എന്നീ തസ്തികളാണ് എൻജിനീയറിംഗ് വിഭാഗത്തിൽ ഉള്ളത്. സമീപ പഞ്ചായത്തിലെ ഓവർസിയർക്ക് അധിക ചുമതല നൽകിയതിനാലും, തൽക്കാലികമായി ഓവർസിയറെ നിയമിച്ചതിനാലും ചെറിയ ഒരു കാലയളവിൽ ഒരു ഓവർസിയർ തസ്തിക മാത്രമാണ് ഒഴിഞ്ഞ് കിടന്നിട്ടുള്ളത്.

6. <u>സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.</u>

സർക്കാർ ഉത്തരവിലെ [GO(Ms)No.67/2021/Fin Dated 28.04.2021] ഖണ്ഡിക 5 പ്രകാരം സാധാരണ സാഹചര്യങ്ങളിൽ, പൊതുമരാമത്ത് പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം വഴിയാണ് നടത്തേണ്ടത് എന്നും, ജോലിയുടെ പ്രത്യേക സ്വഭാവം, ഫണ്ടിംഗ് ഏജൻസി നിശ്ചയിച്ച സമയപരിധി, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അമിത ജോലിഭാരം തുടങ്ങിയ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ, ഏജൻസിയുടെ സേവനം തേടാവുന്നതാണെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഏജൻസിക്ക് കൈമാറിയിട്ടുള്ള മുഴുവൻ പ്രവൃത്തികളും സാധാരണയായി പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ചെയ്യുന്ന പ്രവൃത്തികളാണ്. കൂടാതെ ഇതേ സ്റ്റാഫ് പാറ്റേൺ കൊണ്ട് തന്നെയാണ് സമീപ പഞ്ചായത്തുകളിലേതുൾപ്പടെയുള്ള എഞ്ചിനീയറിംഗ് വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. ആയതിനാൽ ഏജൻസി മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എടുത്ത തീരമാനം ക്രമ പ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [Audit Enquiry No. 30/23.07.2025] മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## <u>1-27 പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചില്ല- ഭരണ സമിതി തീരുമാനം മൂലം 78.96 ലക്ഷം രൂപയുടെ ഫണ്ട് ലാപ്സായി.</u>

കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കേണ്ട 123 മരാമത്ത് പ്രവൃത്തികളിൽ 67 വർക്കുകളുടെ ടെണ്ടർ 11.12.2023 തിയ്യതിയിൽ പബ്ലിഷ് ചെയ്തു. 20/12/2023-ന് ടെൻഡറുകൾ ഓപ്പൺ ചെയ്യുകയും 67 പ്രവർത്തികളുടെയും ടാബുലേഷൻ റിപ്പോർട്ട് ടെൻഡർ അംഗീകാരത്തിനായി അസി.എൻജിനീയർ 27/12/2023 തിയ്യതിയിൽ

ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിന്റെ അവസാന മാസങ്ങൾ ആയതിനാൽ എത്രയും വേഗം ടെൻഡർ അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു റിമൈൻഡർ ലെറ്റർ 08/01/2024 തിയ്യതിയിൽ അസി. എൻജിനീയർ ഭരണസമിതിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അവശേഷിക്കുന്ന വർക്കുകളിൽ സാങ്കേതിക അനുമതി ലഭിച്ച 30 വർക്കുകൾ ഉൾപ്പെടുത്തി 12/01/2024 തിയ്യതിയിൽ രണ്ടാമത്തെ ടെൻഡർ പബ്ലിഷ് ചെയ്യുകയും 22/01/2024തിയ്യതിയിൽ ടെണ്ടർ ഓപ്പൺ ചെയ്ത് ടാബുലേഷൻ റിപ്പോർട്ട് ഭരണസമിതി അംഗീകാരത്തിന് വേണ്ടി 23/01/2024 തിയ്യതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

11.12.2023 തിയ്യതിയിലെ ഒന്നാമത്തെ ടെണ്ടർ പ്രകാരമുള്ള 67 വർക്കുകളിൽ 7 എണ്ണം ഒഴികെയുള്ള 60 വർക്കുകളുടേയും, 12/01/2024 തിയ്യതിയിലെ ടെൻഡർ പ്രകാരമുള്ള 30 വർക്കുകളിൽ 4 എണ്ണം ഒഴികെയുള്ള 26 വർക്കുകളുടേയും ടെണ്ടർ ഭരണസമിതിയുടെ 23.01.2024തിയ്യതിയിലെ 4/1 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി. രണ്ട് ടെണ്ടറിലുമായി മൊത്തം 11 വർക്കുകളുടെ ടെണ്ടറിന് ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല. ആയതിൽ ഒരു വർക്കിന് ടെണ്ടർ റെസ്പോൺസ് ലഭിക്കാത്തത് മൂലമാണ് (പ്രൊജക്റ്റ് നമ്പർ 444/25) അംഗീകാരം നൽകാതിരുന്നത്. ഭരണസമിതി അംഗീകാരം നൽകാത്ത അവശേഷിക്കുന്ന 10 വർക്കകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊ.ന | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|---|
| 1 | 161/24 | ചാഴിയോട് സബ് സെന്റർ ചുറ്റുമതിലും കട്ട പതിക്കലും | 300000 |
| 2 | 22/24 | ജി എൽ പി സ്കൂൾ ഇരുപതേക്കർ കുറുക്കനങ്ങാടി റോഡ് കോൺക്രീറ്റ് | 300000 |
| 3 | 2/24 | വണ്ടിപ്പുരക്കുന്ന് അങ്കണവാടി റോഡ് കോൺക്രീറ്റ് | 300000 |
| 4 | 385/24 | പെവുംതറ മുസ്തഫപടി റോഡ് പള്ളിക്കുന്ന് ജലനിധി ടാങ്ക് റോഡ്കോൺക്രീറ്റ് | 35000 |
| 5 | 396/24 | അടക്കകുണ്ട് ജി എൽ പി സ്കൂൾ ചുറ്റുമതിൽ പുനരുദ്ധാരണം പകൽ വീട് അനുബന്ധ പ്രവർത്തികൾ | 900000 |
| 6 | 377/24 | വണ്ടിപ്പുരക്കുന്ന് അങ്കണവാടി ചുറ്റുമതിൽ നിർമാണം പൂങ്ങോട് സ്കൂൾ പുനരുദ്ധാരണം | 600000 |

| | | | |
|---|---|---|---|
| 7 | 405/24 | അമ്പലക്കുന്ന് സ്കൂൾ ഗ്രൌണ്ട് അമ്പലക്കുന്ന് സ്കൂൾ പുനരുദ്ധാരണം | 550000 |
| 8 | 116/24 | ഏത്തക്കര അങ്കാളമ്മ റോഡ് കോൺക്രീറ്റ് | 150000 |
| 9 | 404/24 | ചെങ്കോട് നടുക്കുന്ന് മാങ്ങാടൻ റോഡ് മേനോൻപടി കൊല്ലാരൻ അസീസ്പടി റോഡ് അമ്പായത്തിൽപടി പയ്യശ്ശേരി ബഷീർപടി റോഡ് തെച്ചിയോടൻ ഉസ്മാൻപടി പൊന്നച്ഛൻഗഫൂർ പടി റോഡ് കോൺക്രീറ്റ് | 600000 |
| 10 | 392/24 | കാട്ടിലാഞ്ചേരി വേലായുധൻപടി പൂളക്കപറമ്പൻപടി റോഡ് മുരിങ്ങാക്കോടൻ നാസർ പടി എ പി അത്തണിക്കൽ പടി റോഡ് കോൺക്രീറ്റ് വെള്ളയൂർ സ്കൂൾ പടി പെരുന്നാൻ കോളനി നടപ്പാത | 750000 |
| ആകെ | | | 4800000 |

മേൽ 10 പ്രൊജക്ടുകളുടേയും പേരിലും അടങ്കലും ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ട് 12, 19, 6, 11, 15, 18, 9 എന്നീ വാർഡുകളിലെ മെമ്പർമാർ കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തികരിച്ച സാഹചര്യത്തിൽ പദ്ധതികൾ നടപ്പാക്കുകയാണ് വേണ്ടത് എന്നും, കൂട്ടിച്ചേർക്കലുകൾ ആവശ്യമെങ്കിൽ ആയത് അടുത്ത വാർഷിക പദ്ധതിയിൽ പുതിയ പ്രൊജക്ടുകളായി ഉൾപ്പെടുത്താവുന്നതാണെന്നും മാത്രമല്ല പദ്ധതി ഭേദഗതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടില്ലെന്നും ആയതിനാൽ പദ്ധതികൾ നിലവിൽ ഭേദഗതി വരുത്തുന്നത് ക്രമ പ്രകാരമല്ലെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചിരുന്നു. എന്നാൽ സെക്രട്ടറിയുടെ അഭിപ്രായം നിരാകരിക്കുകയും ടെണ്ടർ നടപടിക പൂർത്തിയായ മുകളിൽ പരാമർശിച്ച 10 പ്രോജക്ടുളിലും ഭേദഗതി വരുത്തുന്നതിന് ഭരണസമിതി ഐക്യകണ്ഠേന തീരുമാനിക്കുകയും ചെയ്തു. ആയതുമൂലമാണ് പട്ടികയിൽ ചേർത്തിട്ടുള്ള പ്രൊജക്ടുകളുടെ ടെണ്ടർ അംഗീകരിക്കാതിരുന്നത്. തുടർന്ന് മേൽപ്രവർത്തികൾ വാർഷികപദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ഭേദഗതി വരുത്തി പുതിയ പദ്ധതികളാക്കി ഉൾപ്പെടുത്തുകയും ചെയ്തു (468/24, 471/24, 472/24, 477/24 478/24, 469/24, 479/24, 473/24, 475/24, 476/24). ഭേദഗതി മൂലം പ്രൊജകടുകളുടെ പേരിൽ ചെറിയ മാറ്റും വരുത്തുകയും, നാമമാത്രമായി അടങ്കൽ തുക വർദ്ധിപ്പിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഫയൽ

